HON.BLE MR. A. ATCHUTHAN : ഈ ആണ്ടിൽ തന്നെ.

MR. K. A. MATHEW : ഈ ആണ്ട് ആരംഭത്തിലോ ഒടുവിലോ?

HON'BLE MR. A. ATCHUTHAN : ഫൈനൽ മേടം ഫിഗർ-നെ-ക്കുറിച്ചാണ് ശ്രദ്ധിക്കുന്നത്.

MR. K. A MATHEW : ഡിസൈൻസും എസ്റ്റിമേറും അയക്കുന്നതിനുള്ള താമസം എന്താണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : ഫൈനൽ മേടം ഫിഗർ-നെ-ക്കുറിച്ചാണ് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തിയതു. പിന്നെയാണു എസ്റ്റിമേറും മറ്റും തയ്യാറാക്കാൻ പറഞ്ഞതു്.

MR. K. A. MATHEW : ഫൈനൽ തന്നെ പണി ആരംഭിക്കാമോ?

HON'BLE MR. A. ATCHUTHAN : ആലോചിക്കാം.

കൃഷി ഡിപ്പാർട്ടുമെൻറിലെ ഡിസീസ് ഇൻവെസ്റ്റിഗേറിംഗ് ആഫീസർമാർ.

354. MR. E. P. PAULOSE : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെൻറു മറുപടി പറയുമോ?

(എ) കൃഷിഡിപ്പാർട്ടുമെൻറിൽ വെറിനറിസെക്ഷനിൽ ഒരു ഡിസീസ് ഇൻവെസ്റ്റിഗേറിംഗ് ആഫീസറെ നിയമിച്ചിട്ടുണ്ടോ?

(ബി) ഈ ഉദ്യോഗസ്ഥൻറെ ചുമതലകൾ എന്തെല്ലാം? ഇദ്ദേഹം ഏതെങ്കിലും പുതിയ രോഗങ്ങൾ കണ്ടുപിടിക്കുകയോ, ശ്രദ്ധേയമായ ഏതെങ്കിലും രോഗം ഇംപീരിയൽ കൗൺസിൽ ആഫ് അഗ്രിക്കൾച്ചറൽ റിസർച്ചിൻറെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ?

(സി) ഡിസീസ് ഇൻവെസ്റ്റിഗേഷൻ ജോലി നടത്തുന്ന മറ്റു ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഡിപ്പാർട്ടുമെൻറിലുണ്ടോ?

HON'BLE MR. K. M. KORAH : (എ) ഉണ്ടു്.

(ബി) സംസ്ഥാനത്തെ കന്നുകാലികളെ ബാധിക്കുന്ന സാംക്രമിക രോഗങ്ങളെ തിരിച്ചറിയുക, അവയെ നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ നടത്തുക എന്നിവയാണു്.

ഈ നിയമനത്തിനു് ഇംപീരിയൽ കൗൺസിൽ ആഫ് അഗ്രിക്കൾച്ചറൽ റിസർച്ചിൻറെ പദ്ധതികളുമായി ബന്ധമൊന്നുമില്ല. ഈ നിയമനം ആരംഭിച്ചിട്ടു ഏകദേശം ൫ മാസമേ ആയിട്ടുള്ളൂ. പുതിയ രോഗങ്ങൾ ഒന്നും കണ്ടുപിടിച്ചിട്ടില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. E. P. PAULOSE : കന്നുകാലികൾക്കു രോഗം വന്നിട്ടുള്ള ഏതെങ്കിലും സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ടോ എന്ന് പറയാമോ?

HONBLE MR. K. M. KORAH : അതു അറിവില്ല. പുതിയ രോഗങ്ങൾ കണ്ടുപിടിക്കുകയാണു അദ്ദേഹത്തിന്റെ ജോലി.

MR. MANNAR GOPALAN NAIR: അദ്ദേഹം ഏതു സ്ഥലത്താണിരിക്കുന്നതു്?

HON'BLE MR. K. M. KORAH: അദ്ദേഹത്തിനു ഏതു സ്ഥലമെന്നില്ല; പല ഭാഗങ്ങളിലും പോകേണ്ടിവരും.

മത്സ്യവ്യവസായം.

355. MR. ALBERT LOPEZ (*Neyyattinkara II—LatinCatholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇൻഡ്യാഗവണ്മെൻറിൽനിന്നും മത്സ്യവ്യവസായാഭിവൃദ്ധിക്കുവേണ്ടി തിരുവിതാംകൂർ ഗവണ്മെൻറിലേക്ക് ഏതെങ്കിലും തുകകൾ നൽകുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ൧൯൪൦, ൧൯൪൧, ൧൯൪൨ എന്നീ ആണ്ടുകളിൽ കിട്ടീട്ടുള്ള സംഖ്യ എത്രയാണെന്നു പ്രസ്താവിക്കുമോ?

(സി) ഈ തുകകൾ എങ്ങനെയാണു വിനിയോഗിക്കപ്പെട്ടുന്നതെന്നു വിവരമായി പ്രസ്താവിക്കുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ടു്.

(ബി) ൧൯൪൦-ലും, ൧൯൪൧-ലും യാതൊരു തുകയും ലഭിച്ചിട്ടില്ല. ൧൯൪൨-ൽ ൧,൭൨,൫൦൦ രൂപ അനുവദിച്ചു എങ്കിലും ആ തുക ൧൯൪൨ മുതൽ ൧൯൪൪ വരെ ചെലവാക്കുവാനാണു്. അതു് അനുസരിച്ചു ൧൯൪൨-ൽ നൂറു൯ ൧൫ രൂപ ലഭിച്ചിട്ടുണ്ടു്.

(സി) ഈ തുക നാലു മത്സ്യോല്പാദനപദ്ധതികൾക്കായും തൽസംബന്ധമായ ഗവേഷണങ്ങൾക്കായും താഴെ കാണിച്ചിട്ടുള്ള പ്രകാരം വിഭജിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly